<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324</u> <u>27-07-2021 - ൽ മറുപടിയ്ക്ക്</u>

<u>പൗൾട്രി ഫാമുകളുടെ ഉത്പാദനക്ഷമത</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലെ ഫാമുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിലെ ഫാമുകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏക ബ്രോയിലർ ബ്രീഡിംഗ് ഫാമായ കുടപ്പനക്കുന്നിൽ ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നു. ഈ ഫാമിന്റെ വികസനത്തിനു വേണ്ടി റീ ബിൽഡ് കേരള പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് രണ്ട് പുതിയ പൗൾട്രി ഷെഡ്ഡുകൾ കൂടി നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ സ്ഥാപനമായ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തിയാക്കുമ്പോൾ അവിടെ കൂടുതൽ പേരന്റ് സ്റ്റോക്കിനെ വളർത്തുന്നതാണ്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇവിടെ നിന്നും 20 ലക്ഷം ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയും. കൂടാതെ തൃശൂർ ജില്ലയിലെ മാളയിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ അത്യുൽപാദന ശേഷിയുള്ള ബി.വി.-380 ഇനത്തിൽപ്പെട്ട കോഴികളെയാണ് വളർത്തുന്നത്. ഇപ്പോൾ 6.5 ലക്ഷം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വർഷംതോറും ഉൽപാദിപ്പിക്കുന്ന ഈ ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത വർഷം ഈ ഫാമിൽ നിന്നും 12 ലക്ഷം ബി. വി. 380 കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ മാതൃ-പിതൃ ശേഖരത്തെ വളർത്തുന്നതിന് വേണ്ടി പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ